(സി) വർക്കല നഗരസഭ ആവശ്യമായ സ്ഥലം സംഭാവന ചെയ്യാമെന്ന് ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഒരു ബസ് സ്റ്റേഷൻ അനുവദിക്കാൻ തയ്യാറാകുമോ ;

(ഡി) നാഷണൽ ഹൈവേയിൽ തിരുവനന്തപുരത്തിനും കൊല്ലത്തിനുമിടയ്ക്ക് ബസ് യാത്രക്കാർ കൂട്ടമായി ബുദ്ധിമുട്ടനുഭവിക്കുന്ന കല്ലംമ്പലത്തിൽ കെ.എസ്.ആർ.ടി.സി. യുടെ വകയായി ഒരു വിശ്രമ കേന്ദ്രം സ്ഥാപിക്കുമോ ?

ഉത്തരം

(എ) ഏകദേശം 80 ട്രിപ്പുകൾ.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. തീരുമാനമെടുത്തിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ നിവൃത്തിയില്ല.

പേരൂർക്കട ഡിപ്പോയിലെ മല്ലമ്പ്രക്കോണം-കരിങ്കട ബസ്

97 (2810) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പേരൂർക്കട ഡിപ്പോയിൽ നിന്നും നെടുമങ്ങാട് വഴി മല്ലമ്പ്രക്കോണം, കരിങ്കട ജംഗ്ഷൻ വരെ പോകുന്ന ബസ്സുകൾ വലിയമലവരെ നീട്ടുന്നതു സംബന്ധിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) യാത്രക്കാരുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് അടിയന്തിരമായി മല്ലമ്പ്രക്കോണം, കരിങ്കടവരെയുള്ള ബസ്സ് സർവ്വീസുകൾ വലിയമല വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ആവശ്യം പരിഗണിച്ചു വരുന്നു.

(സി) ആവശ്യമായ അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം ഇതിനുള്ള സാധ്യത വിലയിരുത്തി നടപടികൾ എടുക്കുന്നതാണ്.

പബ്ലിക് കേരിയർ പെർമിറ്റുള്ള ഓട്ടോറിക്ഷകൾ

98 (2811) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പബ്ലിക് കേരിയർ പെർമിറ്റുള്ള എത്ര ഓട്ടോറിക്ഷകൾ 1999 ഡിസംബർ 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നു എന്നുള്ളതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ജില്ല	ഓട്ടോ റിക്ഷകളുടെ എണ്ണം
1. തിരുവനന്തപുരം	20,815
2. കൊല്ലം	16,044
3. പത്തനംതിട്ട	8,660
4. ആലപ്പുഴ	3,329
5. കോട്ടയം	21,411
6. ഇടുക്കി	3,191
7. എറണാകുളം	23,457
8. തൃശ്ശൂർ	22,160
9. പാലക്കാട്	10,469
10. മലപ്പുറം	23,197
11. കോഴിക്കോട്	13,756
12. വയനാട്	3,896
13. കണ്ണൂർ	13,939
14. കാസർഗോഡ്	8,449
മൊത്തം	1,92,773

ഡ്രൈവിംഗ് ലൈസൻസുകൾ

99 (2812) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് എഴുത്തു പരീക്ഷ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നു മുതൽക്കാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 20-7-1998 മുതൽ പുതിയ സമ്പ്രദായം നിലവിൽ വന്നു.

ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് സ്ഥലം

100 (2813) ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് അനുയോജ്യമായ സ്ഥലം നിലവിലില്ലാത്തതിന്റെ ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly